KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.50/PR/PIC/PHQ/17 Date : 15.03.2017

## കമ്യൂണിറ്റി പോലീസിങ് ദേശീയ സമ്മേളനത്തിന് ഇന്ന് (16.03.2017) തുടക്കമാകും

കമ്യൂണിറ്റി പോലീസിങ് സംവിധാനത്തിന്റെ പുതുവഴികൾ ചർച്ച ചെയ്യുന്നതിനായി കേരള പോലീസ് സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സമ്മേളനത്തിന് ഇന്ന് (16.03.2017) തിരുവനന്തപുരത്ത് തുടക്കമാകും. രാജ്യത്തെ കമ്യൂണിറ്റി പോലീസിങ് പദ്ധതികൾക്ക് കൂടുതൽ ദിശാബോധം പകരുന്നതിനും ഏറ്റവും മികച്ച കമ്യൂണിറ്റി പോലീസിങ് പദ്ധതിയെന്ന് സാർവദേശീയാംഗീകാരം ലഭിച്ച കേരളത്തിലെ ജനമൈത്രി പദ്ധതി കൂടുതൽ ശക്തമാക്കുന്നതിനും ലക്ഷ്യമിട്ടാണ് ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നത്. 'മൗലിക വാദ-തീവ്രവാദ നിലപാടുകൾ വ്യാപിക്കുന്നത് തടയുന്നതിൽ കമ്യൂണിറ്റി പോലീസിങ്ങിന്റെ പങ്ക്' എന്നതാണ് ഇത്തവണത്തെ സമ്മേളനത്തിന്റെ മുഖ്യവിഷയം.

കോവളം ഉദയ സമുദ്രയിൽ രാവിലെ 11.00 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യും. എം. വിൻസന്റ് എം.എൽ.എ. അധ്യക്ഷ പ്രസംഗം നടത്തും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നളിനി നെറ്റോ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ രാജൻ ഗുരുക്കൾ, ദക്ഷിണ മേഖല എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ, തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം തുടങ്ങിയവർ പങ്കെടുക്കും.

***********